Draft #4 of File Ac.AV/1/2086/css/2019/Academic Approved by ASSISTANT REGISTRAR III (ACADEMIC) on 01-Aug-2019 11:29 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സി.എസ്.എസ്. അക്കാദമിക് ഉപദേശക സമിതി യോഗത്തിന്റെ ശിപാർശകൾ - CSS Regulations 2016 ലെ ഭേദഗതികൾ, MOOC കോഴ്സുകൾ പഠന വകുപ്പുകളിലെ പി.ജി. പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തുന്നത്,ഇതര വിഷയങ്ങൾ എന്നിവ അക്കാദമിക് കൗൺസിലിന്റെ പരിഗണയ്ക്ക് സമർപ്പിച്ചത് - അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 3725/AC A 5/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.08.2019

---

പരാമർശം:-(1) സ.ഉ.നം. 2598/AC.A5/2019/എം.ജി.യു., തീയതി 14/06/2019

(2) സി.എസ്.എസ് റെഗുലേഷൻസ് 2016 ഭേദഗതി വരുത്തുന്നതിനായി 21.06.2019 തീയതിയിൽ കൂടിയ കമ്മിറ്റി യോഗത്തിന്റെ മിനുട്സ്

(3) 26.06.2019 തീയതിയിൽ കൂടിയ അക്കാഡമിക് കൗൺസിൽ യോഗത്തിന്റെ മിനുട്സ്

(4) സ.ഉ.നം 1144/Ac.A5/2019/MGU തീയതി 23/03/2019

(5) സ.ഉ.നം 2586/Ac.A5/2019/MGU തീയതി 13/06/2019

**ഉത്തരവ്**

പരാമർശം (1) പ്രകാരം സി.എസ്.എസ് റെഗുലേഷൻസ് 2016 പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ ശിപാർശ ചെയ്യുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു.മേൽപരാമർശിച്ച കമ്മിറ്റി , പരാമർശം (2) പ്രകാരം താഴെപ്പറയുന്ന ശിപാർശകൾ സമർപ്പിച്ചു .

1. School of Pedagogical Sciences - ലെ ദ്വിവത്സര M.Ed പ്രോഗ്രാമിന്റെ Scheme, Regulations എന്നിവ CSS Regulations 2016, NCTE Regulations എന്നിവക്ക് അനുസൃതമായി പരിഷ്കരിച്ച് സമർപ്പിക്കുവാൻ School of Pedagogical Sciences വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തി പരാമർശം (4) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. 2018 പ്രവേശന വർഷം മുതൽ മേൽ പരാമർശിച്ച വിധം പരിഷ്കരിച്ച Scheme and Regulations സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറക്ക് School of Pedagogical Sciences 2018 പ്രവേശന വർഷം മുതൽ നടന്ന പരീക്ഷകളുടെ ഫലപ്രഖ്യാപനം നടത്തുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

(2) CSS Regulations, 2016 Clause 3.10 ൽ M.Phil Programme - കൾക്ക് അനുവദനീയമായ ആകെ ക്രെഡിറ്റുകളുടെ എണ്ണം 42 ൽ നിന്നും 40 ആയി നിജപ്പെടുത്തുവാനും, രണ്ടാം സെമസ്റ്ററിലെ പരമാവധി ക്രെഡിറ്റുകൾ 22 ൽ നിന്നും 24 ആക്കി ഉയർത്തുവാനും ശിപാർശ ചെയ്യുവാൻ

തീരുമാനിച്ചു. അപ്രകാരം CSS Regulations 2016 Clause 3.10 താഴെ പറയുന്ന പ്രകാരം ഭേദഗതി വരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

"3.10 M.Phil programmes offered by the departments/centres shall have total credit distribution in the range 36 to 40. There shall be courses worth 12 to 16 credits in the First Semester. In the Second Semester, there can be elective courses and compulsory dissertation. The compulsory dissertation shall have credits upto a maximum of 20. In any case, the total credits of Second Semester shall not exceed 24. The Board of Studies concerned shall be competent to suggest the modalities of the M.Phil programme within the above credit limit."

(2.1) പരാമർശം (5) പ്രകാരം School of Chemical Sciences - ലെ M.Phil പ്രോഗ്രാമുകളുടെ 2016-2017, 2017-2018 അഡ്മിഷൻ ബാച്ചുകളുടെ Scheme- ലെ കോഴ്സുകളുടെ ക്രെഡിറ്റുകൾ ഒന്നാം സെമസ്റ്ററിൽ 16 , രണ്ടാം സെമസ്റ്ററിൽ 24 എന്നിങ്ങനെ (ഇനം നം .2 ലെ ശിപാർശ പ്രകാരം) പുനഃക്രമീകരിച്ചു Scheme and Syllabus തയാറാക്കി അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് School of Chemical Sciences വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തുന്നതിനു ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

(2.2) പരാമർശം (5) പ്രകാരം, School of Behavioural Sciences വകുപ്പുമേധാവി സമർപ്പിച്ച M.Phil Programme -കളുടെ പരിഷ്കരിച്ച Scheme ലെ "Research Methodology and Statistics" എന്ന കോഴ്സിന്റെ ക്രെഡിറ്റ് 4-ൽ നിന്നും 3 ആക്കി നിജപ്പെടുത്തിയ Faculty Council തീരുമാനം "UGC Regulations for the Award for M.Phil/Ph.D (2016)" നു അനുസൃതമല്ല എന്ന് സമിതി നിരീക്ഷിക്കുകയും, പ്രസ്തുത കോഴ്സിന്റെ ക്രെഡിറ്റ് 4 ആയി നിലനിർത്തുവാനും, Scheme ലെ കോഴ്സുകളുടെ ക്രെഡിറ്റുകൾ ഒന്നാം സെമസ്റ്ററിൽ 16 , രണ്ടാം സെമസ്റ്ററിൽ 24 എന്നിങ്ങനെ (ഇനം നം .2 ലെ ശുപാർശ പ്രകാരം) പുനഃക്രമീകരിച്ചു Scheme and Syllabus തയാറാക്കി അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് School of Behavioural Sciences വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തുന്നതിനു ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

(3) CSS Regulations, 2016 ലെ Clause 3.6 ൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തുവാൻ ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

" A Semester shall except in the case of M.Sc Programmes with full semester research project work in a semester , consist of 4-9 courses and shall be worth a minimum of 16 credits and maximum of 24 credits."

(3.1)മേൽ ശിപാർശ അനുസരിച്ചു School of Chemical Sciences - ലെ M.Sc പ്രോഗ്രാമുകളുടെ 2017 admission year മുതലുള്ള ബാച്ചുകളുടെ Scheme- ലെ കോഴ്സുകളുടെ ക്രെഡിറ്റുകൾ പുനഃക്രമീകരിച്ചു Scheme and Syllabus തയാറാക്കി അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് School of Chemical Sciences വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തുന്നതിനു ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.



Draft #4 of File Ac.AV/1/2086/css/2019/Academic Approved by ASSISTANT REGISTRAR III (ACADEMIC) on 01-Aug-2019 11:29 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(4) "Revised CSS Regulations with effect from 2016 Admissions" ലെ പല വകുപ്പുകളെ സംബന്ധിച്ചും അംഗങ്ങൾ പ്രാഥമിക ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത Regulations ലെ പല വകുപ്പുകളും പരിഷ്കരിക്കേണ്ടതിനാൽ സമഗ്രമായ പരിശോധനക്ക ശേഷം സമയബന്ധിതമായി ഇത് ചെയ്യേണ്ടതുണ്ടതിനുള്ള നടപടികളിലേക്ക് കടക്കുന്നതിനു ശിപാർശ ചെയ്തു .

പരാമർശം (3) പ്രകാരം താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടു .

(5) SWAYAM പ്ലാറ്റ്ഫോമിൽ നിന്നും UGC അംഗീകരിച്ച Massive Open Online Course (MOOC) - കോഴ്സുകൾ സർവ്വകലാശാല പഠന വകുപ്പ്/സെന്ററുകളിലെ പി.ജി. പ്രോഗ്രാമുകളുടെ 3,4 സെമസ്റ്ററുകളിൽ elective കോഴ്സുകളായി, പ്രോഗ്രാമുകളുടെ ആകെ ക്രെഡിറ്റുകളുടെ എണ്ണത്തിന്റെ പരമാവധി 20 % വരെ ക്രെഡിറ്റുകളായി ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.പ്രസ്തുത MOOC കോഴ്സുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ പഠനവകുപ്പുകളിലെയും ഫാക്കൽറ്റി കൗൺസിൽ കൂടി ഒരു കോ-ഓർഡിനേറ്ററെ തെരഞ്ഞെടുക്കുന്നതിനും, വിദ്യാർത്ഥികളുടെ താൽപ്പര്യവും പഠന വകുപ്പുകളിലെ അടിസ്ഥാന സൗകര്യവും പ്രയോജനപ്പെടുത്താവുന്ന തരത്തിൽ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് പ്രസ്തുത കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.മേൽശിപാർശ സർവ്വകലാശാല പഠനവകുപ്പുകളിലെ പി.ജി. പ്രോഗ്രാമുകളുടെ 2018 അഡ്മിഷൻ ബാച്ചുകൾ മുതൽ നടപ്പാക്കുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

(6) സി.എസ്.എസ്. റെഗുലേഷൻസ് 2016 ഭേദഗതി ചെയ്യുന്നതിനുള്ള പരാമർശം (2) പ്രകാരമുള്ള സമിതിയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനായി ശിപാർശ നൽകുന്നതിനു തീരുമാനിച്ചു.

പരാമർശം (2) പ്രകാരം സി.എസ്.എസ് റെഗുലേഷൻസ് 2016 ഭേദഗതി വരുത്തുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെയും , പരാമർശം (3) പ്രകാരമുള്ള സി.എസ്.എസ്. അക്കാദമിക് ഉപദേശക സമിതി യോഗത്തിന്റെയും മേല്പറഞ്ഞ ശിപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 ഛേദം 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ബെന്നി പോൾ

Draft #4 of File Ac.AV/1/2086/css/2019/Academic Approved by ASSISTANT REGISTRAR III (ACADEMIC) on 01-Aug-2019 11:29 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.എല്ലാ പഠനവകുപ്പ / സെന്റർ മേധാവികൾക്കും

2.കൺവീനർ , സി.എസ്.എസ് അക്കാഡമിക് അഡ്വൈസറി കമ്മിറ്റി

3.വൈസ് ചാൻസലറുടെ പി.എസ്/ പി.വി.സി യുടെ പി.എസ്

4.രജിസ്ട്രാറുടെ പി.എ. / പരീക്ഷാകൺട്രോളറുടെ പി.എ / ഫിനാൻസ് ഓഫീസറുടെ പി.എ

5.സി.എസ്.എസ് / എ.സി.സി 1/ എ.സി.സി 2

6.ജെ.ആർ 2 (അഡ്മിൻ)/ഡി.ആർ 2/ എ.ആർ 3(അക്കാഡമിക് )

6.എ.സി എ 1/ 12 എ.സി.ബി 6 / എ.സി.ബി 7

7.സി.എം.എസ് / ഐ.ക്യൂ .എ.സി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File Ac.AV/1/2086/css/2019/Academic Approved by ASSISTANT REGISTRAR III (ACADEMIC) on 01-Aug-2019 11:29 AM - Page 4